## പാഠം 7

# പൗലൊസിന്റെ ആദ്യമിഷണറി യാത്ര

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര 13; 2 കൊരി. 4:7–10; റോമർ 3:19; 9–11; അ.പ്ര. 14:1–26.**

**മനഃപാഠവാക്യം: "മരുഭൂമിയിൽ നാല്പതു സംവത്സരക്കാലത്തോളം അവരുടെ സ്വഭാവം സഹിച്ചു. കനാൻദേശത്തിലെ ഏഴു ജാതികളെ ഒടുക്കി. അവരുടെ ദേശം അവർക്ക് അവകാശമായി വിഭാഗിച്ചുകൊടുത്തു. അങ്ങനെ ഏകദേശം നൂറ്റമ്പത് സംവത്സരം കഴിഞ്ഞു" (അ.പ്ര. 13:38,39).**

വളരെ നിശ്ചയമായും സുവിശേഷം ജാതികളിലേക്കും യെഹൂദരിലേക്കും പോകേണ്ടതുണ്ട്. ഈ ദൂതാണ് സാവകാശമെങ്കിലും തീർച്ചയായും ആദ്യ കാല യെഹൂദാ ക്രിസ്ത്യാനികൾ മനസ്സിലാക്കാൻ തുടങ്ങിയത്.

ജാതികൾ വലിയ തോതിൽ വിശ്വാസത്തിലേക്ക് യോജിക്കുന്നു എന്ന വിശദമായ ആദ്യത്തെ വാർത്ത അന്ത്യോക്യയുമായി ബന്ധപ്പെട്ടതായിരുന്നു. മറ്റുവിധത്തിൽ പറഞ്ഞാൽ ഗണ്യമായ വിഭാഗം യെഹൂദാവിശ്വാസികളായിരുന്നെങ്കിലും അന്ത്യോക്യയിലായിരുന്നു ആദ്യമായി ജാതികളുടെ സഭയ്ക്ക് അടിസ്ഥാനമിട്ടത് (ഗലാ. 2:11–13). സ്ഥാപകരിൽ ഉണ്ടായിരുന്ന വലിയ താല്പര്യവും ബർന്നബാസിന്റെയും പൗലൊസിന്റെയും വരവോടെ പകർന്നു നൽകപ്പെട്ട വർദ്ധിച്ച വീര്യത്താലും സഭ വളരെ പെട്ടെന്നു വളർന്നു. അത് യെഹൂദയ്ക്ക് പുറത്തുള്ള ആദ്യത്തെ പ്രധാനപ്പെട്ട ക്രിസ്ത്യൻ കേന്ദ്രമായി. യഥാർത്ഥത്തിൽ ചില ഗുണങ്ങളാൽ ഇത് യെരൂശലേമിലെ സഭയെക്കാൾ മെച്ചമായിത്തീർന്നു.

അപ്പൊസ്തലന്മാർ ഇപ്പോഴും യെരൂശലേമിൽത്തന്നെ താമസിച്ചു അന്ത്യോക്യ ക്രിസ്തീയ സുവിശേഷ പ്രവർത്തനങ്ങളുടെ ജന്മസ്ഥലമായി. പ്രാദേശിക വിശ്വാസികളുടെ പ്രാഥമികമായ സഹായത്താൽ അവിടെനിന്നാണ് പൗലൊസ് തന്റെ മൂന്നു മിഷണറി യാത്ര പുറപ്പെട്ടത്. അവരുടെ സമർപ്പണം കൊണ്ടായിരുന്നു യേശുവിന്റെ ആഗ്രഹം പോലെ ക്രിസ്ത്യാനിത്വം ഒരു ലോകമതമായിത്തീർന്നത്. "എല്ലാ രാഷ്ട്രം, ഗോത്രം, ഭാഷ, ജനങ്ങൾ" – എല്ലാവരുടെയും ഇടയിൽ പ്രവേശിക്കപ്പെടുന്ന ഒരു സുവിശേഷം (വെളി. 14:6)...!

**സലമിസും പാഫോസും**

അപ്പൊസ്തലപ്രവർത്തികൾ പതിമൂന്നാം അദ്ധ്യായത്തിൽ ലൂക്കൊസ്, പൗലൊസിന്റെ ആദ്യത്തെ മിഷണറി യാത്രയെ അവതരിപ്പിക്കുവാനായി രംഗം വീണ്ടും അന്ത്യോക്യയിലേക്ക് മാറ്റുന്നു. അത് രണ്ട് അദ്ധ്യായങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നു (അ.പ്ര. 13,14). ഇവിടെ മുതൽ പുസ്തകത്തിന്റെ അവസാനം വരെ കേന്ദ്രസ്ഥാനം പൗലൊസും തന്റെ ജാതികളുടെ ഇടയിലെ മിഷണറി പ്രവർത്തനങ്ങളുമാണ്.

നിശ്ചയത്തോടും ശ്രദ്ധയോടുംകൂടെ പദ്ധതി ക്രമീകരിച്ച് മിഷണറി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ആദ്യ സഭയാണിത്. അത്തരം പ്രവർത്തനങ്ങൾ വിശ്വാസികളുടെ ഉദ്യമമായിട്ടല്ല മറിച്ച്, ദൈവത്തിൽനിന്ന് ഉത്ഭവിച്ചതായി ലൂക്കൊസ് ചൂണ്ടിക്കാണിക്കുന്നു. നാം നമ്മെത്തന്നെ മനസ്സോടെ ദൈവത്തിന് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ സമർപ്പിക്കുമ്പോൾ മാത്രമേ ദൈവത്തിന് നമ്മളിൽ പ്രവർത്തിക്കാൻ കഴിയൂ എന്നതാണ് ഇവിടെ ശ്രദ്ധേയം.

**വായിക്കുക: അ.പ്ര. 13:1-12 ബർന്നബാസിന്റെയും പൗലൊസിന്റെയും സൈപ്രസിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തു പ്രധാനപ്പെട്ട കാര്യങ്ങൾക്കാണ് ലൂക്കൊസ് ഊന്നൽ കൊടുക്കുന്നത്?**

മദ്ധ്യസ്ഥപ്രാർത്ഥനയും ഉപവാസവും മിഷണറിമാർ മടങ്ങിപ്പോയ സമയത്തും ഉണ്ടായിരുന്നു. സമർപ്പണത്തിനായി ദൈവകൃപയ്ക്കായി കൈവച്ച് പ്രാർത്ഥിക്കുന്ന ഒരു പ്രവർത്തി അവർ അനുവർത്തിച്ചിരുന്നു (അ.പ്ര. 14:26).

സൈപ്രസ് ദ്വീപ് അന്ത്യോക്യയിൽനിന്നു വലിയ ദൂരത്തിലല്ലാതെ മെഡിറ്ററേനിയൻ സമുദ്രത്തിന് വടക്കുപടിഞ്ഞാറാണ്. സുവിശേഷവേല തുടങ്ങുവാൻ കഴിയുന്ന അനുയോജ്യമായ സ്ഥലമായിരുന്നു ഇത്. ബർന്നബാസ് സൈപ്രസിൽനിന്ന് ആയിരുന്നതുകൊണ്ട് മാത്രമല്ല അതിനുമുമ്പുതന്നെ സുവിശേഷം ആ ദ്വീപിൽ എത്തിച്ചേർന്നിരുന്നു. എങ്കിലും അവിടെ ചെയ്യുവാൻ അനേക കാര്യങ്ങൾ ഉണ്ടായിരുന്നു.

ഒരിക്കൽ സൈപ്രസിൽ, ബർന്നബാസും പൗലൊസും ബർന്നബാസിന്റെ സഹോദരനായ യോഹന്നാൻ എന്ന മറുപേരുള്ള മർക്കൊസും അവരോടൊത്ത് സലമിസിൽ യെഹൂദാ ദൈവാലയങ്ങളിൽ പ്രസംഗിച്ചിരുന്നു. ഇത് പൗലൊസിന്റെ സ്ഥിരമായ ഒരു ശൈലിയായിരുന്നു. ജാതികളുടെ അടുക്കലേയ്ക്കു തിരിയുന്നതിനുമുമ്പ് ആദ്യം ദൈവാലയങ്ങളിൽ പ്രസംഗിക്കുക. കാരണം യേശു യിസ്രായേലിന്റെ മശീഹ ആയിരുന്നു. ഈ സുവിശേഷം

അവരുമായി ആദ്യം പങ്കുവെയ്ക്കുന്നത് സ്വാഭാവികമായി ഏറ്റവും പ്രധാന മാണ്.

സലമിസിനുശേഷം അവർ പടിഞ്ഞാറോട്ടുപോയി പ്രസംഗിച്ചുകൊണ്ടി രുന്നു. അങ്ങനെ അവർ തലസ്ഥാനമായ പാഫോസിൽ എത്തി (അങ്ങനെ അനുമാനിക്കാം). അതിനുശേഷം വിവരണം രണ്ടുപേരെ ചുറ്റിപ്പറ്റിയുള്ളതാണ്. എലിമാസ് എന്ന് അറിയപ്പെട്ടിരുന്ന ബർയെശു എന്ന യെഹൂദാ മന്ത്ര വാദിയും പെർഗ്ഗ്യോസ് പൗലോസ് എന്ന റോമൻ ദേശാധിപതിയും. ഈ കഥ നൽകുന്ന നല്ല ഉദാഹരണം, എങ്ങനെയാണ് സുവിശേഷം വ്യത്യസ്ത പ്രതികരണങ്ങളുമായി സന്ധിക്കുന്നത് എന്നാണ്. ഒരു ഭാഗത്ത് തുറന്ന എതിർപ്പും മറുഭാഗത്ത് വളരെ ഔന്നത്യത്തിലുള്ള ജാതികൾ പോലും വിശ്വ സ്തതയോടെ സുവിശേഷം സ്വീകരിക്കുന്നു. അ.പ്ര. 13:12 ലെ ഭാഷ മാനസാ ന്തരത്തെ വ്യക്തമായി നിർദ്ദേശിക്കുന്നു.

**ഈ ഒരു വിഷയത്തിൽ ചിന്തിക്കുക. ഒരു യെഹൂദനായവൻ സത്യത്തെ പ്രതിരോധിക്കുമ്പോൾ ഒരു ജാതീയനായവൻ അതു സ്വീകരിക്കുന്നു. എന്തുകൊണ്ട് മറ്റു ക്രിസ്തീയ വിഭാഗങ്ങൾ "സത്യ"ത്തിലേക്ക് എത്തി ച്ചേരുവാൻ, വിശ്വാസമില്ലാത്തവരെക്കാൾ പ്രയാസപ്പെടുന്നു എന്നു മന സ്സിലാക്കുവാൻ ഇതു നമ്മെ എങ്ങനെ സഹായിക്കും?**

**തിങ്കൾ** **ആഗസ്റ്റ് 13**

## പിസിദ്യയിലെ അന്ത്യോക്യ ഭാഗം 1

സൈപ്രസിൽനിന്ന് പൗലൊസും കൂട്ടുകാരും പാംഫുല്യയിലെ ബെർഗ യിലേക്ക് യാത്ര ചെയ്തുപോയി. അത് ആധുനിക ടർക്കിയുടെ തെക്കേ തീരപ്രദേശമാണ്. അവർ പിസിദ്യയിലെ അന്ത്യോക്യയിലേക്ക് നീങ്ങുന്നതി നുമുമ്പ് ലൂക്കൊസ് അവിചാരിതമായതും പ്രധാനപ്പെട്ടതുമായ രണ്ടു മാറ്റ ങ്ങളെക്കുറിച്ച് എഴുതുന്നു. പൗലൊസ് നായകനായി മാറുന്നു (ഇതുവരെ ബർന്നബാസിനെയാണ് എപ്പോഴും ഒന്നാമനായി പരിഗണിച്ചിരുന്നത്). ലൂക്കൊസ് പൗലൊസിന്റെ യെഹൂദാപേര് (ശൗൽ) ഉപയോഗിക്കുന്നത് അവ സാനിപ്പിക്കുന്നു. അവനെ പൗലൊസ് എന്നുമാത്രം പരാമർശിക്കുന്നു (അ.പ്ര. 13:9). ഇതു മിക്കവാറും പൗലൊസ് അവനെത്തന്നെ കൂടുതലായും യവന-റോമ സംസ്കാരത്തിൽ കാണുന്നതിനാലാണ്.

അ.പ്ര. 13:13 രേഖപ്പെടുത്തുന്നത് യോഹന്നാൻ എന്ന മർക്കൊസിന്റെ യെരൂ ശലേമിലേക്കുള്ള മടക്കയാത്രയാണ്. മർക്കൊസ് എന്തുകൊണ്ട് അവിടെനിന്ന് വിട്ടുപോയി എന്ന് ആ വേദഭാഗത്തു നൽകിയിട്ടില്ല. എലൻ ജി. വൈറ്റ് എഴുതി: "അവർക്ക് മുമ്പിലുള്ള കഷ്ടപ്പാടുകളെ അഭിമുഖീകരിക്കുവാനുള്ള ഭയം

അവനെ നിരുത്സാഹപ്പെടുത്തി. മർക്കൊസ് വളരെ ഭയപ്പെട്ടു. ധൈര്യം നഷ്ടപ്പെട്ടു മുമ്പോട്ട് പോകുന്നതു നിരസിച്ചു യെരൂശലേമിലേക്കു മടങ്ങി." The Acts of the Apostles, P. 170. ഇത് വളരെ നിസ്സാരമായിരിക്കുമെന്ന് ദൈവം ഒരിക്കലും വാഗ്ദാനം നൽകിയിട്ടില്ല. അതിനു വിരുദ്ധമായി ആദ്യം മുതൽ തന്നെ പൗലൊസ് അറിഞ്ഞിരുന്നു യേശുവിനുവേണ്ടിയുള്ള ശുശ്രൂഷയിൽ അനവധി കഷ്ടങ്ങൾ ഉണ്ടായിരിക്കുമെന്ന്. എന്നാൽ ദൈവികശക്തിയിൽ പൂർണ്ണമായി വിശ്വസിക്കാൻ അവൻ പഠിച്ചു (അ.പ്ര. 9:16) അതായിരുന്നു അവന്റെ ബലത്തിന്റെ രഹസ്യം (2 കൊരി. 4:7–10).

**വായിക്കുക: അ.പ്ര. 13:38 അന്ത്യോക്യയിലെ യെഹൂദാദൈവാലയത്തിലെ പൗലൊസിന്റെ ദൂതിന്റെ കാതൽ എന്തായിരുന്നു?**

അ.പ്ര. 13:16–41 ഉൽക്കൊള്ളുന്നത് പുതിയനിയമത്തിൽ ആദ്യമായി രേഖപ്പെടുയിട്ടുള്ള പൗലൊസിന്റെ പ്രസംഗമാണ്. പൗലൊസ് നൽകിയ ആദ്യപ്രസംഗം തീർച്ചയായും അതായിരുന്നില്ല അതിനെ സംബന്ധിച്ച് ഒരു ചോദ്യവുമില്ല അത് പൗലൊസ് പറഞ്ഞതിന്റെ ഒരു സംക്ഷിപ്തമായിരുന്നു.

ആ പ്രസംഗം മൂന്നു പ്രധാനഭാഗങ്ങളായി തിരിക്കുന്നു. ഇത് ആരംഭിക്കുന്നത് ദൈവം യിസ്രായേലിനെ തിരഞ്ഞെടുക്കുന്നതും ദാവീദിന്റെ രാജത്വവുമാണ് (അ.പ്ര. 13:17–23). ഈ ഭാഗം യെഹൂദാ ശ്രോദ്ധാക്കളുമായി ഒരു ബന്ധം സ്ഥാപിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അടുത്തഭാഗം ദൈവത്തിന്റെ വാഗ്ദാന നിവർത്തിയായി ദാവീദിന്റെ പിൻഗാമിയായി യിസ്രായേലിന് രക്ഷ കൊണ്ടുവരുന്ന യേശുവിനെ അവതരിപ്പിക്കുന്നു (അ.പ്ര. 13:24–37). അതിന്റെ ഉപസംഹാരം യേശുവിലൂടെ നൽകപ്പെട്ട രക്ഷയെ തിരസ്കരിക്കുന്നതിനെ തിരെയുള്ള മുന്നറിയിപ്പാണ് (അ.പ്ര. 13:38–41).

പ്രസംഗത്തിന്റെ ഏറ്റവും പ്രധാന ഭാഗമായ 38,39 വാക്യങ്ങൾ ഉൾക്കൊള്ളുന്നത് പ്രസംഗത്തിന്റെ ഉൾക്കാമ്പാണ്. ക്ഷമയും നീതീകരണവും യേശുവിൽ കൂടി മാത്രമേ സാധ്യമാകയുള്ളൂ. അത് മോശെയുടെ നിയമത്താൽ സാധ്യമല്ല. നിയമം ഇല്ലാതാക്കി എന്ന് ഈ ഭാഗം പറയുന്നില്ല. യെഹൂദന്മാർ പ്രതീക്ഷിക്കുന്ന രീതിയിൽ അതിന് പ്രവർത്തിക്കാൻ കഴിയില്ല എന്ന് എടുത്തു കാണിക്കുവാൻ മാത്രമാണ്. ഉദാഹരണത്തിന് നീതീകരണം (റോമർ 10:1–4). ആ അവകാശം പൂർണ്ണമായും യേശുവിലാണ് (ഗലാ. 2:16).

**രക്ഷ യേശുവിലൂടെ മാത്രം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? ദൈവത്തിന്റെ ധാർമ്മികമായ നിയമങ്ങൾ ആവശ്യമാണെന്നും നിയമങ്ങൾ നീതീകരണത്തിനു കഴിവില്ലാത്തതുമാണ് എന്ന രണ്ടു തത്വങ്ങളെയും നിങ്ങൾക്ക് എങ്ങനെ ഒരുപോലെ പൊരുത്തപ്പെടാൻ കഴിയും?**

**പിസിദ്യയിലെ അന്ത്യോക്യ: ഭാഗം 2**

അ.പ്ര. 13:38,39 അവതരിപ്പിക്കുന്നത് നിയമങ്ങൾക്ക് നീതീകരിക്കുവാനുള്ള കഴിവില്ല എന്ന വേദപുസ്തക ഉപദേശങ്ങളിലെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ നിയമങ്ങളോട് ബന്ധപ്പെട്ട ധാർമ്മികമായ ഉത്തരവുകളുണ്ടെങ്കിലും നിയമങ്ങൾക്ക് നീതീകരണം കൊണ്ടുവരുവാൻ കഴിയുകയില്ല. കാരണം, അതു പാലിക്കുന്നവരിൽ പൂർണ്ണമായ അനുസരണം ഉണ്ടാക്കുവാൻ നിയമങ്ങൾക്ക് കഴിയില്ല (അ.പ്ര. 15:10; റോമർ 8:3). നിയമം നമ്മളിൽ ശരിയായി അനുസരണം ഉണ്ടാക്കിയാലും ആ ശരിയായ അനുസരണത്തിന് കഴിഞ്ഞ കാലത്തെ പാപങ്ങളെ കഴുകിക്കളയാൻ കഴിയില്ല (റോമർ 3:19; ഗലാ. 3:10,11). അതുകൊണ്ടുതന്നെ നീതീകരണം നമുക്കു സമ്പാദിക്കാൻ കഴിയില്ല, ഭാഗികമായിപോലും. നമുക്ക് അതു സ്വീകരിക്കാൻ കഴിയുന്നത് യേശുവിന്റെ പാപപരിഹാരയാഗത്തിലുള്ള വിശ്വാസത്താലാണ് (റോമർ 3:28; ഗലാ. 2:16), നാം അർഹിക്കാത്ത ഒരു ദാനം! അനുസരണം ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രം ആണെങ്കിലും അതിന് രക്ഷ നേടിത്തരാൻ സാധിക്കില്ല.

**വായിക്കുക: അ.പ്ര. 13:42-49 എങ്ങനെയാണ് യെഹൂദാ ദൈവാലയം പൗലൊസിന്റെ ദൂത് സ്വീകരിച്ചത്?**

കഠിനമായ രീതിയിലാണ് പൗലൊസ് തന്റെ ദൂത് അവസാനിപ്പിച്ചതെങ്കിലും ദൈവാലയത്തിലുണ്ടായിരുന്ന ഏറെ പേരുടെയും പ്രതികരണങ്ങൾ വളരെ അനുകൂലമായിരുന്നു. തുടർന്നുവന്ന ശബ്ബത്തിൽ ദൂരവ്യാപകമായ രീതിയിൽ കാര്യങ്ങൾക്ക് മാറ്റമുണ്ടായി. സുവിശേഷദൂതുകളെ തിരസ്കരിച്ച 'യെഹൂദർ' ദൈവാലയ നേതാക്കന്മാരായിരുന്നു ഔദ്യോഗിക യെഹൂദാമതത്തെ പ്രതിനിധീകരിക്കുന്നവർ! അവരുടെ കരുണയില്ലാത്ത മനോഭാവം പൗലൊസിനോടുള്ള അസൂയയാണ് എന്ന് ലൂക്കൊസ് ഗണിക്കുന്നു.

പുരാതനലോകത്തിൽ യെഹൂദാമതത്തിന്റെ വിവിധ പ്രത്യേകതകളായ, ഏകദൈവവിശ്വാസം, ജീവിതശൈലി, ശബ്ബത്ത് എന്നിവ ഇത് യെഹൂദരല്ലാത്തവരിൽ ശക്തമായ ആകർഷണമുണ്ടാക്കി. അനേകർ മറ്റു മതങ്ങളിൽ നിന്ന് പരിവർത്തനം നേടി യെഹൂദാവിശ്വാസത്തിൽ ചേർന്നു. പക്ഷേ പരിച്ഛേദന വലിയ ഒരു തടസ്സമായിരുന്നു. കാരണം ഇത് അപരിഷ്കൃതവും ശക്തമായി എതിർക്കപ്പെടേണ്ടതുമായ ശീലമാണ് എന്ന് പരക്കെ കരുതിയിരുന്നു. തൽഫലമായി അനേകജാതികൾ യെഹൂദാപള്ളികളിൽ ആരാധനയിൽ സംബന്ധിച്ചു. എന്നാൽ ഔദ്യോഗികമായി യെഹൂദാമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല. ഇവരെ അറിയപ്പെട്ടിരുന്നത് "ദൈവഭയമുള്ളവർ" എന്നായിരുന്നു. അവർ ദൈവഭയമുള്ളവരായിരുന്നിരിക്കാം. അതുപോലെതന്നെ

അന്ത്യോക്യയിലെ യെഹൂദാപള്ളിയിലേക്ക് പരിവർത്തനം ചെയ്തവരായിരുന്നു (അ.പ്ര. 13:16,43). പൗലൊസിന്റെ ദൂത് പൊതുജനത്തിന്റെ ഇടയിൽ പൊതുവായി വ്യാപിപ്പിക്കുവാൻ സഹായിച്ചത്. അങ്ങനെ അവർ അനേകർ കടന്നുവന്നു. യെഹൂദാമതത്തെ അനുസരിക്കാതെ രക്ഷയുടെ അനുഭവത്തിലേക്ക് കടക്കാൻ സാധിക്കും എന്നത് അനേകരെ ആകർഷിച്ചു.

ഇത് യെഹൂദാ നേതാക്കന്മാരുടെ അസൂയയെ വിശദീകരിക്കാൻ സഹായിച്ചേക്കാം. ഏതു കാര്യത്തിലായാലും സുവിശേഷത്തെ തിരസ്കരിക്കുന്നതിലൂടെ ദൈവത്തിന്റെ രക്ഷയിൽനിന്ന് അവർ അവരെത്തന്നെ പുറത്താക്കുന്നവർ മാത്രമല്ല, പൗലൊസും ബർന്നബാസും അവരുടെ ശ്രദ്ധ പൂർണ്ണമായും ജാതികളിലേക്ക് തിരിയാൻ അവരെ സ്വതന്ത്രരാക്കുന്നവർ കൂടിയായിരുന്നു. അവരെയും ദൈവത്തിന്റെ നേട്ടത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിയതിന് അവർ ദൈവത്തെ സ്തുതിച്ച് സന്തോഷിച്ചു.

**ബുധൻ** **ആഗസ്റ്റ് 15**

**ഇക്കോന്യ**

അന്ത്യോക്യയിലെ യെഹൂദാനേതാക്കന്മാരുടെ പ്രേരണയാൽ പ്രാദേശിക അധികാരികൾ ജനക്കൂട്ടത്തെ പൗലൊസിനും ബർന്നബാസിനുമെതിരെ ഇളക്കി അവരെ പട്ടണത്തിനു പുറത്തേക്ക് ഓടിച്ചു (അ.പ്ര. 13:50). ശിഷ്യന്മാർ സന്തോഷത്താലും ആത്മാവിനാലും നിറഞ്ഞു (അ.പ്ര. 13:52). പൗലൊസും ബർന്നബാസും ഇക്കോന്യയിലേക്ക് പോയി.

**വായിക്കുക: അ.പ്ര. 14:1–7 പൗലൊസിന്റെയും ബർന്നബാസിന്റെയും ഇക്കോന്യയിലെ പ്രവർത്തനങ്ങളുടെ ഫലം എന്തായിരുന്നു?**

ഇക്കോന്യയിലും പൗലൊസും ബർന്നബാസും തങ്ങളുടെ പതിവ് ശൈലിയായ ജാതികളിലേക്ക് തിരിയുന്നതിനു മുമ്പ് യെഹൂദാജനത്തെ ആദ്യം അഭിസംബോധന ചെയ്യുന്നത് തുടർന്നു. അന്ത്യോക്യയിലെ പൗലൊസിന്റെ പ്രസംഗത്തിന്റെ പിന്നിലെ പ്രധാന കാരണം അവരുടെ ശുശ്രൂഷയിൽ ഉണ്ടായിരുന്ന യെഹൂദാ പ്രാമുഖ്യമാണ്. യിസ്രായേലിന്റെ തെരഞ്ഞെടുക്കൽ, അതോടുകൂടി എല്ലാം ഉൾപ്പെട്ടിരുന്നു (റോമർ 3:2; 9:4,5) കൂടാതെ ദാവീദിന്റെ വംശാവലിയിൽനിന്ന് ഒരു രക്ഷകൻ എന്ന ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണം. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും അനേക യെഹൂദന്മാർ സുവിശേഷത്തെ തള്ളിക്കളഞ്ഞുകൊണ്ടിരുന്നു. പൗലൊസ് ഒരിക്കലും യെഹൂദരുടെ ഗണ്യമായ മാനസാന്തരക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെടുത്തിയില്ല.

റോമാലേഖനം 9–11 ൽ പൗലൊസ് വ്യക്തമാക്കുന്നത്: “യിസ്രായേലിൽനിന്ന് ഉത്ഭവിച്ച എല്ലാവരും യിസ്രായേൽ അല്ല” (റോമർ 9:6) എന്നത്. ദൈവത്തിന്റെ ദയ ഒന്നുകൊണ്ടുമാത്രമാണെന്ന് ചില യിസ്രായേല്യർ വിശ്വസിച്ചത്. ദൈവം തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല എന്നാൽ “അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്” (റോമർ 11:5). പൗലൊസ് ജാതികളോട് സുവിശേഷം അറിയിക്കുന്നത് തുടർന്നുകൊണ്ടേയിരുന്നു. എങ്കിലും ഒരു നാൾ കൂടുതൽ യെഹൂദർ യേശുവിന്റെ വിശ്വാസത്തിലേക്ക് വരും എന്ന് അവൻ വിശ്വസിച്ചു.

“റോമർ 9–11 പൗലൊസിന്റെ വാദം സുവിശേഷ ദൗത്യത്തിന്റെ പദ്ധതിയെക്കുറിച്ച് വിവരിക്കുന്നത് ഓരോ തലമുറയിലേക്കും ക്രിസ്ത്യാനികളുടെ പ്രവർത്തിയും അഭിമുഖീകരിക്കേണ്ട ശത്രുവും വേദശാസ്ത്രപ്രാധാന്യത്തെ അവിശ്വാസികളായ യെഹൂദർക്ക് സാക്ഷ്യമായി വഹിക്കുക എന്നതാണ്.” David G Peterson, The Acts of the Apostles (Grand Rapids: Eerdmans, 2009), P 401.

അന്ത്യോക്യയിൽനിന്നും സാഹചര്യങ്ങൾ കൂടുതൽ വ്യത്യസ്തമായിരുന്നില്ല. എന്നാൽ പൗലൊസിന്റെ സുവിശേഷത്തോട് യെഹൂദരുടെയും ജാതികളുടെയും ആദ്യപ്രതികരണം വളരെ അനുകൂലമായിരുന്നു. എന്നാൽ വീണ്ടും അവിശ്വാസികളായ യെഹൂദന്മാർ, മിക്കവാറും പ്രാദേശിക യെഹൂദാ സമുദായനേതാക്കന്മാർ ജാതികളുടെ ഇടയിൽ കലഹമുണ്ടാക്കി, അവരുടെ മനസ്സിനെ വിഷലിപ്തമാക്കി മിഷണറിമാർക്ക് എതിരേ തിരിച്ചു. ജനത്തിന്റെ ഇടയിൽ ഭിന്നത സൃഷ്ടിച്ചു. എതിരാളികൾ പദ്ധതിയിട്ടത് ജനങ്ങളെക്കൊണ്ട് പൗലൊസിനെയും ബർന്നബാസിനെയും ആക്രമിക്കുക എന്നതായിരുന്നു. അവർ രണ്ടുപേരും ആ പട്ടണം വിട്ട് അടുത്തതിലേക്കു പോകുവാൻ തീരുമാനിച്ചു.

**സുവിശേഷം കേൾക്കുക എന്നതിലുപരിയായി യെഹൂദാജനം യേശുവിന്റെ നാമം പ്രസ്താവിക്കുന്നവരെ കാണാനും അവരുടെ ഇടയിൽ ജീവിക്കുവാനും കഴിഞ്ഞു. നിങ്ങൾക്ക് യെഹൂദാജനവുമായി സമ്പർക്കമുണ്ടെങ്കിൽ എന്തു തരത്തിലുള്ള സാക്ഷ്യമാണ് നിങ്ങൾ നൽകുന്നത്?**

**വ്യാഴം** **ആഗസ്റ്റ് 16**

**ലുസ്ത്രയും ദെർബയും**

പൗലൊസും ബർന്നബാസും അതിനുശേഷം സന്ദർശിച്ചത് ഇക്കോന്യയ്ക്ക് തെക്കുപടിഞ്ഞാറ് പതിനെട്ടുമൈൽ (29 കിലോമീറ്റർ) ദൂരത്തുള്ള അറിയപ്പെടാത്ത ഒറ്റപ്പെട്ടുകിടക്കുന്ന ഒരു ഗ്രാമമായ ലുസ്ത്രയായിരുന്നു. അവിടെ അവർ കുറച്ചുനാൾ ചിലവഴിച്ചെങ്കിലും (അ.പ്ര. 14:6,7,15) ലൂക്കൊസ്

വിവരിക്കുന്ന ഒരേ ഒരു സംഭവവും മുടന്തനും ഒരുപക്ഷെ യാചകനുമായ ഒരു മുടന്തന്റെ സൗഖ്യത്തിനെക്കുറിച്ചാണ്.

**വായിക്കുക: അ.പ്ര. 14:5–19 പൗലൊസിനോടുള്ള അവരുടെ പ്രതികരണം എന്തായിരുന്നു? അത് എത്രമാത്രം അജ്ഞതയിലേക്ക് കൂപ്പുകുത്തിയ ജനമായിരുന്നു എന്നു വെളിപ്പെടുത്തുന്നു.**

അവരുടെ വീര്യപ്രവർത്തിയിൽ ജനം വിസമയിച്ചു. ബർന്നബാസിനേയും പൗലൊസിനെയും തെറ്റിദ്ധരിച്ച് ബർന്നബാസിനെ അവർ ഗ്രീക്ക് ദേവന്മാരിലെ പ്രധാന ദേവനായ സീയൂസ് എന്നും പൗലൊസിനെ മുഖ്യപ്രസംഗിയാകയാൽ (ഹെർമസ്) ബുധൻ എന്നും പറഞ്ഞു. ജനങ്ങൾ അവർക്ക് നേർച്ചകൾ കഴിക്കാൻ ആഗ്രഹിച്ചു.

ലാറ്റിൻ കവി ഒവിഡ് (43 ബി.സി. - എ.ഡി. 17/18) ഒരു സാങ്കല്പിക കഥ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് ദേവന്മാർ വേഷം മാറി മനുഷ്യരായി ഈ പ്രദേശത്തെ ഒരു പട്ടണത്തിൽ സന്ദർശനം നടത്തി (The hills of Phrygia) വിശ്രമിക്കാൻ ഒരു സ്ഥലം അന്വേഷിച്ചു. ആ സാങ്കല്പിക കഥ അനുസരിച്ച് വിനയമുള്ള വൃദ്ധരായ ദമ്പതികൾ ദയയോടും ആതിഥ്യമര്യാദയോടും പരിചരിച്ചു. യഥാർത്ഥ രൂപം വെളിപ്പെടുത്താതെ വന്ന സന്ദർശകരോട് ഈ ദമ്പതികൾ കാണിച്ച ദയയും ആതിഥ്യമര്യാദയുംകൊണ്ട് അവരുടെ വീട് ഒരു അമ്പലമാക്കി. ഈ ദമ്പതിമാർ തന്നെ അവിടെ പൂജാരിമാരായി. അതേസമയം ആ പട്ടണവും മറ്റുള്ളവരും പൂർണ്ണമായി നശിച്ചുപോയി. (Metamorphoses 611-724).

ഇങ്ങനെയൊരു കഥ ആ പ്രദേശത്ത് പ്രചാരത്തിലുള്ളതിനാൽ പൗലൊസിന്റെ അത്ഭുത പ്രവർത്തിയിലുള്ള ആ ജനത്തിന്റെ പ്രതികരണത്തിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. എന്തുകൊണ്ടാണ് ഈ ജനങ്ങൾ ഈ മിഷണറിമാർ ആ രണ്ട് ദേവന്മാരായിരുന്നു എന്ന് ഊഹിച്ചത് എന്നു മനസ്സിലാക്കാൻ ഈ കഥ നമ്മെ സഹായിക്കുന്നു. ഉദാഹരണത്തിന് സൗഖ്യത്തിന്റെ ദൈവമായ അസ്ലിവിയസ് അല്ല എന്ന് അനുമാനിച്ചു. അവരെ ആരാധിക്കുന്ന തെറ്റായ ആരാധന അവസാനിപ്പിക്കാൻ പൗലൊസിനും ബർന്നബാസിനും കഴിഞ്ഞു. അവസാനത്തിൽ ചില എതിരാളികൾ അന്ത്യോക്യയിൽനിന്നും ഇക്കോന്യയിൽനിന്നും വന്നു. സാഹചര്യങ്ങൾ പൂർണ്ണമായും പിന്നോട്ട് തിരിഞ്ഞു പൗലൊസിനെ കല്ലെറിഞ്ഞു മരിച്ചവനെപ്പോലെയാണ് എടുത്തുകൊണ്ട് പോയത്.

**വായിക്കുക: അ.പ്ര. 14:20–26 എവിടെയാണ് പൗലൊസും ബർന്നബാസും അവരുടെ യാത്ര അവസാനിപ്പിച്ചത്? മടങ്ങി വന്ന വഴിയിൽ അവർ എന്തു ചെയ്തു?**

പൗലൊസ് പറഞ്ഞു: “കഷ്ടങ്ങളിലൂടെ തന്നെ നാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണം” (അ.പ്ര. 14:22). അതിന്റെ അർത്ഥമെന്താണ്? അവിടെ അനു

ഭവിച്ചതിനെക്കുറിച്ച് അവൻ പറയുമ്പോൾ, ഒരുപക്ഷേ നിങ്ങൾ എന്തൊക്കെ "കഷ്ടങ്ങൾ" നിങ്ങൾക്കു നേരിടേണ്ടി വന്നാലും വിശ്വാസത്തിൽ ജീവിക്കുവാൻ എങ്ങനെ കഴിയും?

**വെള്ളി** **ആഗസ്റ്റ് 17**

**കൂടുതൽ ചിന്തയ്ക്ക്**

"യേശുവിന്റെ ഈ ഭൂമിയിലെ ജീവിതകാലത്ത് യെഹൂദനെ അവന്റെ മാത്രമായ ലോകത്തുനിന്ന് പുറത്തേയ്ക്കു നയിക്കുവാൻ ആവശ്യപ്പെട്ടു. ശതാധിപന്റെയും സുറൊഫൊയിനിക്യ സ്ത്രീയുടെയും മാനസാന്തരം യിസ്രായേലിന് പുറത്ത് അറിയപ്പെടുന്ന ആളുകളുടെ ഇടയിൽ അവൻ നേരിട്ട് പ്രവർത്തിച്ചതിന്റെ ദൃഷ്ടാന്തങ്ങളായിരുന്നു. ഊർജ്ജസ്വലതയോടെ തുടർന്നും ജാതികളുടെ ഇടയിൽ പ്രവർത്തിക്കാനുള്ള സമയം വന്നിരുന്നു; അവരാൽ എല്ലാ സമൂഹവും സന്തോഷത്തോടെ സുവിശേഷം സ്വീകരിച്ചു. കൂടാതെ ഗ്രഹിക്കുവാൻ കഴിയുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിനായി ദൈവത്തെ മഹത്വപ്പെടുത്തി. യെഹൂദാജനത്തിന്റെ അവിശ്വാസവും ദോഷം പ്രവർത്തിക്കാനുള്ള ആഗ്രഹവും ദൈവത്തിന്റെ ഉദ്ദേശത്തിനോട് ചേർന്നുവരുവാൻ കഴിഞ്ഞില്ല. പുതിയ യിസ്രായേലിനുവേണ്ടി പഴയ ഒലിവുമരത്തിൽ അവരെ ഒട്ടിച്ചുചേർത്തു. യെഹൂദാപള്ളികൾ അപ്പൊസ്തലന്മാർക്ക് എതിരായി അടയ്ക്കപ്പെട്ടു എന്നാൽ വ്യക്തികളുടെ ഭവനം അവർക്കായി തുറന്നിട്ടു. ജാതികളുടെ പൊതു കെട്ടിടങ്ങളും ദൈവവചനം ഘോഷിക്കുവാനായി ഉപയോഗിച്ചു." Ellen G White, Sketches from the Life of Paul, P. 51.

"അവരുടെ എല്ലാ മിഷണറി പ്രവർത്തനങ്ങളിലും പൗലൊസും ബർന്നബാസും യേശുവിന്റെ മാതൃകയായ ത്യാഗമനസ്സ്, വിശ്വസ്തത, ആത്മാക്കൾക്കുവേണ്ടിയുള്ള ആത്മാർത്ഥമായ വേല, വിശാലമായ ഉണർവ്വ്, വർദ്ധിച്ച ഊർജ്ജം, ക്ഷീണിക്കാത്ത, ഒരു പക്ഷവും ഇല്ലാത്ത, അല്ലെങ്കിൽ വ്യക്തിപരമായ സുഖം അന്വേഷിക്കാതെ ജീവിതം അനുവർത്തിച്ചു. എന്നാൽ ആകാംക്ഷയോടെയുള്ള പ്രാർത്ഥന, നിരന്തരമായ പ്രവർത്തനങ്ങൾ, അവർ സത്യത്തിന്റെ വിത്ത് വിതച്ചു. ആ വിത്ത് വിതയ്ക്കുന്നതോടൊപ്പം, സുവിശേഷത്തിനായി നിലപാട് എടുത്തവർക്ക് നൽകുന്നതിൽ അപ്പൊസ്തലർ ശ്രദ്ധയുള്ളവരായിരുന്നു. പ്രായോഗികമായ നിർദ്ദേശം, അതിന് പറയാൻ കഴിയാത്ത മൂല്യമുണ്ട്. ആത്മാർത്ഥതയും ദൈവഭയവും സുവിശേഷദൂതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പുതിയ ശിഷ്യന്മാരുടെ മനസ്സിൽ നിലനിൽക്കുന്ന ഒരു ആശയം ശേഷിപ്പിച്ചു." Ellen G White, The Acts of Apostles, P. 186

**ചർച്ച ചെയ്യുക**

1. യോഹന്നാൻ എന്നറിയപ്പെടുന്ന മർക്കൊസിന്റെ കഥയിൽ കൂടുതൽ സമയം ചിലവഴിക്കുക. കാര്യങ്ങൾ കഠിനമാകുമ്പോൾ ഓടിയൊളിക്കുക. പൗലൊസും ബർന്നബാസും പിന്നീട് യോഹന്നാൻ എന്ന മർക്കൊസിനെക്കുറിച്ച് വാദപ്രതിവാദവുമുണ്ടായി അവനെ വീണ്ടും ഉപയോഗിക്കാം എന്ന് ബർന്നബാസ് പറഞ്ഞപ്പോൾ പൗലൊസ് അനുവദിച്ചില്ല (കാണുക അ.പ്ര. 15:37). വർഷങ്ങൾക്കുശേഷം പൗലൊസ് എഴുതി: "മർക്കൊസ് എനിക്ക് ശുശ്രൂഷയ്ക്കായി ഉപയോഗമുള്ളവൻ ആകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക" (2 തിമൊ. 4:11). ചില സന്ദർഭങ്ങളിൽ തങ്ങളുടെ വിളിയോട് അവിശ്വസ്തരായ മനുഷ്യരെക്കുറിച്ച് എന്തു പാഠമാണ് ഇവിടെ നമുക്കുള്ളത്?
2. പൗലൊസും ബർന്നബാസും ദേവന്മാരാണെന്ന് ലുസ്ത്രയിലെ ജനങ്ങൾ തെറ്റിദ്ധരിച്ചപ്പോൾ പൗലൊസിന്റെയും ബർന്നബാസിന്റെയും പ്രതികരണം എന്തായിരുന്നു പുനഃപരിശോധിക്കുക. ദൈവം നമുക്ക് എന്തു ചെയ്തു അതിനുവേണ്ടി നാം അവകാശമെടുക്കാൻ പ്രലോഭിക്കപ്പെടുമ്പോൾ നമുക്ക് എങ്ങനെ പ്രതികരിക്കാൻ കഴിയും?
3. വായിക്കുക അ.പ്ര. 14:21–23 പൗലൊസിന്റെയും ബർന്നബാസിന്റെയും മാതൃകയെ സഭയായിട്ടും പുതിയ വിശ്വാസികളെ പരിപോഷിപ്പിക്കുവാനും വിശ്വാസത്തെ ശക്തിപ്പെടുത്താനും എന്തു ചെയ്യുവാൻ കഴിയും.

   മനുഷ്യസൃഷ്ടിയായ പാരമ്പര്യങ്ങളോ അല്ലെങ്കിൽ വളരെക്കാലം നാം മുറുകെ പിടിച്ച വിശ്വാസമോ പൗലൊസിനെ എതിർത്ത മതനേതാക്കന്മാരെപ്പോലെ സത്യത്തിന്റെ മുന്നേറ്റത്തിന്റെ പാതയിൽ വരാൻ അനുവദിക്കുകയില്ലെന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാൻ കഴിയും?

✪ ✪ ✪ ✪